## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7468** **17.7.2012-ൽ മറുപടിയ്ക്ക്**

പേരാമ്പ്ര മണ്ഡലത്തിലെ 'വീട്ടിൽ ഒരു മാവ്' പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റർ | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)** |
| (എ) | കൃഷി വകുപ്പ് മുഖേന ആരംഭിച്ച 'വീട്ടിൽ ഒരു മാവ്' പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ എത്ര മാവിൻ തൈ വിതരണം ചെയ്തു എന്നു വ്യക്തമാക്കുമോ; | (എ) | കൃഷി വകുപ്പ് മുഖേന ആരംഭിച്ച വീട്ടിൽ ഒരു മാവ് പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ 20070 മാവിൻ തൈ വിതരണം ചെയ്തു. |
| (ബി) | ഏതെല്ലാം പഞ്ചായത്തുകളിൽ എത്രയെണ്ണം വീതം വിതരണം ചെയ്തു എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) | പേരാമ്പ്ര മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലാണ് മാവിൻ തൈ വിതരണം ചെയ്തത്. ചങ്ങരോത്ത്, ചക്കിട്ടപ്പാറ, കൂത്താളി, പേരാമ്പ്ര, ചെറുവണ്ണൂർ, തുറയൂർ, മേപ്പയ്യൂർ, കീഴേരിയൂർ, അരീക്കുളം, നൊച്ചാട് എന്നീ പഞ്ചായത്തുകളിൽ 2007 മാവിൻ തൈകൾ വീതം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇതിന് മൊത്തം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും ഏത് ഏജൻസിയെയാണ് ഇവ വിതരണം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ? | (സി) | പേരാമ്പ്ര മണ്ഡലത്തിൽ വീട്ടിൽ ഒരു മാവ് എന്ന പദ്ധതി നടപ്പിലാക്കിയതിന് 7,62,660 രൂപയാണ് ചെലവായത്. കേരള അഗ്രോ ഇൻഡസ്ട്രീയസ് കോർപ്പറേഷൻ (KAICO) എന്ന ഏജൻസി വഴിയാണ് മാവിൻതൈകൾ വിതരണം ചെയ്തത്. |

**സെക്ഷൻ ഓഫീസർ**